ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് തിരുവനന്തപുരം

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. സി1/7/2017/ടി സി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി 31.01.2017

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – 29-12-2016 ൽ നിലവിൽ വന്ന ഫീസ് വർദ്ധനവ് സംബന്ധിച്ച്.

സൂചന :- GSR 1183 E dated 290-12-2016 of MoRTH

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മോട്ടോർ വാഹന വകുപ്പ് കേന്ദ്ര മോട്ടോർ വാഹന ചട്ടം 32, 81 എന്നിവ പ്രകാരം ഈടാക്കിയിരുന്ന വിവിധ ഫീസുകൾ 29-12-2016 മുതൽ കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിരിക്കുന്നു. എന്നാൽ മേൽ നിർദ്ദേശം കേരളത്തിൽ നടപ്പിലാക്കാനായത് 7-1-2017 മുതലാണ്. ഈ കാലയളവിൽ അപേക്ഷ സ്വീകരിച്ച് ചെയ്തു നൽകപ്പെട്ട സേവനങ്ങൾക്ക് പഴയ നിരക്കിലാണ് ഫീസ് ഈടാക്കിയിരുന്നത്. പുതിയ നിരക്കിലുള്ള തുക ഈടാക്കാതെ ചെയ്തു നൽകപ്പെട്ട സേവനങ്ങൾ ലഭിച്ചവരിൽ നിന്നും വർദ്ധിപ്പിച്ച തുക ഈടാക്കുക എന്നതിന്റെ ബുദ്ധിമുട്ടുകൾ സർക്കാർ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു,

മേൽ കാലയളവിൽ വർദ്ധിപ്പിച്ച നിരക്കിൽ ഫീസ് ശേഖരിക്കാതെ സേവനങ്ങൾ ചെയ്തതുമൂലം സർക്കാർ ഖജനാവിലേക്ക് ലഭിക്കേണ്ടിയിരുന്ന തുക എത്രയാണ് എന്ന് വ്യക്തമാക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ തുക സംബന്ധിച്ച വിവരങ്ങൾ താഴെ സൂചിപ്പിച്ചിരിക്കുന്ന മാതൃകയിൽ എത്രയും വേഗം നൽകാൻ നിർദ്ദേശിക്കുന്നു. (പരമാവധി ഫെബ്രുവരി മാസം പത്താം തീയതിക്കു മുമ്പായി.)

ഓഫീസ് മേധാവികൾ ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. മേൽതുക ഒഴിവാക്കാൻ സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ആയതിനാൽ പരാമവധി കൃത്യം തുക തന്നെ നൽകാൻ നിർദ്ദേശിക്കുന്നു. ഇതുവഴി ഭാവിയിൽ ഉണ്ടായേക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ കഴിയുന്നതാണ്.

| നൽകിയ സേവനങ്ങളുടെ എണ്ണം | ശേഖരിക്കേണ്ടിയിരുന്ന തുക | ശേഖരിച്ച തുക | ബാലൻസ് |
|---|---|---|---|
| | | | |

വിശ്വസ്തതയോടെ,

31.1.17

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

31/01 31/1

പിഎസ്